പെരിങ്ങോട്ടുകുറിശ്ശി, തരൂർ പഞ്ചായത്തുകളിൽ 6,25,00,000 രൂപയുടെയും കുത്തന്നൂർ ഒന്നും രണ്ടും വില്ലേജുകളിൽ 2,14,00,000 രൂപയുടേയും കുഴൽമന്ദം, കണ്ണാടി, തേൻകുറിശ്ശി പഞ്ചായത്തുകളിൽ 11,30,00,000 രൂപയുടേയും കോട്ടായി, മാത്തൂർ പദ്ധതിക്ക് 2,57,00,000 രൂപയുടേയും പദ്ധതികളാണ് നിലവിലുള്ളത്. ഈ പ്രവൃത്തികൾ തീർക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, നടന്നുവരുന്ന പദ്ധതികൾ പലതുമുണ്ട്. അദ്ദേഹം ഇങ്ങോട്ട് പറഞ്ഞ ഫാക്ട്സിൽ ഒരെണ്ണം മാത്രമേ തെറ്റുള്ളൂ. കോട്ടായി-മാത്തൂർ എ. ആർ. പി. സ്കീമിന് 257 ലക്ഷം രൂപയാണ്. ബാക്കിയെല്ലാം അദ്ദേഹം പറഞ്ഞത് ശരിയാണ്. ഇതിന്റെ പ്രിലിമിനറി എഞ്ചിനീയറിംഗ് റിപ്പോർട്ട് ആയിട്ടുണ്ട്. ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ട് കൂടി തയ്യാറാക്കിയിട്ടുണ്ട്. 2276 ലക്ഷം രൂപയുടെ മൊത്തം അടങ്കൽ വരുന്ന സ്കീം ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിക്കാം.

(14) അംഗൻവാടി ജീവനക്കാർക്ക് ഓണം ഫെസ്റ്റിവെൽ അലവൻസായി ഒരു മാസത്തെ ഓണറേറിയം അനുവദിക്കണമെന്നും അംഗൻവാടി സെൻററുകളുടെ വാടക പരിഷ്കരിക്കണമെന്നതും സംബന്ധിച്ച്

ശ്രീ. കെ. കെ. ജയചന്ദ്രൻ: സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻവാടികൾക്ക് ഗവൺമെന്റ് കൊടുക്കുന്ന വളരെ തുച്ഛമായ വാടക എട്ട് മാസമായി കുടിശ്ശികയായി കിടക്കുകയാണ്. പട്ടണങ്ങളിലെ അംഗൻവാടി കെട്ടിടങ്ങൾക്ക് 600 രൂപയും ഗ്രാമ പ്രദേശങ്ങളിലെ കെട്ടിടങ്ങൾക്ക് 300 രൂപയും നിശ്ചയിക്കണമെന്നും ഗവൺമെന്റ് ഫെസ്റ്റിവൽ അലവൻസ് എന്ന നിലയിൽ ഓണത്തിന് മറ്റ് ജീവനക്കാർക്ക് ആനുകൂല്യം കൊടുക്കുമ്പോൾ ഈ ജീവനക്കാർക്കും ഒരു മാസത്തെ ഓണറേറിയം ഫെസ്റ്റിവൽ ബോണസ്സായി കണക്കാക്കി നൽകണമെന്നും അതിന് ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, വളരെ കൂടിയ ആവശ്യമാണ്. ഒരു മാസത്തെ അലവൻസ് ബോണസ്സായി കൊടുക്കുകയെന്നു പറഞ്ഞാൽ ബുദ്ധിമുട്ടായിരിക്കും. നഗര പ്രദേശത്തെ വാടക ഗ്രാമപ്രദേശത്ത് കൊടുക്കാൻ കഴിയുകയില്ല. ഇവിടെ പറഞ്ഞ കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അതുപോലെ വാടക കുടിശ്ശിക തീർക്കാനുള്ള നടപടികൾക്ക് മുൻകൈയെടുക്കാം. എന്തൊക്കെ കൊടുക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് നോക്കാം.

LIBRARY ARCHIVES Kerala Legislative Assembly